**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മംഗലാപുരത്തേക്ക്ബസ്സ് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എത്ര ബസ്സുകൾ മംഗലാപുരത്തേക്ക് സർവീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ഡിപ്പോയുടെ 25 ബസ്സും മറ്റ് ഡിപ്പോകളിലെ 7 ബസ്സും ഉൾപ്പെടെ 32 ബസ്സുകൾ മംഗലാപുരത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | ഈ ബസ്സുകളുടെ അങ്ങോട്ടുമിങ്ങോട്ടും ഉള്ള സർവീസ് സമയം വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് - മംഗലാപുരം റൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ സർവ്വീസ് സമയം ചുവടെ ചേർക്കുന്നു.<br>06.00 to 08.00<br>10.00 to 12.00<br>14.00 to 16.00<br>18.00 to 20.00<br>മംഗലാപുരം - കാസർഗോഡ് റൂട്ടിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ സർവ്വീസ് സമയം ചുവടെ ചേർക്കുന്നു.<br>08.00 to 10.00<br>12.00 to 14.00<br>16.00 to 18.00<br>20.00 to 21.40 |
| (സി) | കാസർകോട് ഡിപ്പോയിൽ നിന്നും മംഗലാപുരത്തേക്ക് സർവീസ് നടത്തുന്ന കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകളുടെ എണ്ണവും സർവീസ് സമയവും വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ഡിപ്പോയിൽ നിന്നും മംഗലാപുരത്തേക്ക് 39 കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകൾ ചുവടെ ചേർത്തിട്ടുള്ള സമയം ക്രമമനുസരിച്ച് സർവ്വീസ് നടത്തുന്നു.<br>05.00 to 05.45<br>08.00 to 10.00 |

| | | | |
|---|---|---|---|
| | | | 12.00 to 14.00<br>16.00 to 18.00<br>20.00 to 21.00 |
| (ഡി) | മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകളിൽ കൺസഷൻ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകളിൽ മംഗലാപുരത്തേക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൺസഷൻ വേണമെന്ന നീണ്ടകാലത്തെ ആവശ്യം പരിഗണിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് കൺസഷൻ അനുവദിക്കുന്നത്.<br>നിലവിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം അനുവദിക്കുന്നതിന് കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ